## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3690 26.06.2012 ൽ മറുപടിയ്ക്ക്

### വാഹനാപകട നിയന്ത്രണത്തിന് എൻഫോഴ്സ്മെന്റ് വിഭാഗം

ചോദ്യം
ശ്രീ. റ്റി. എ. അഹമ്മദ് കബീർ
ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
ശ്രീ. കെ. എം. ഷാജി
ശ്രീ. സി. മമ്മൂട്ടി

ഉത്തരം
ശ്രീ. ആര്യാടൻ മുഹമ്മദ്
ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ റോഡുകളിൽ വാഹനാപകടനിയന്ത്രണം ലക്ഷ്യമിട്ട് ആരംഭിക്കാനുദ്ദേശിക്കുന്ന എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ നിർദ്ദിഷ്ട പ്രവർത്തനരീതി വിശദമാക്കാമോ ; | (എ) | ദേശീയപാതകളിലേയും അപകടസാധ്യത കൂടിയ സ്ഥലങ്ങളിലേയും വാഹന പരിശോധനകൾക്ക് പ്രത്യേകമായ ഊന്നൽ നൽകി റോഡപകടങ്ങൾ പരമാവധി കുറയ്ക്കുന്നതിനുള്ള കർശന പരിശോധന നടത്തുക, നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിക്കുക, ജി-ഫോറം നൽകിയിട്ടുള്ള വാഹനങ്ങളുടെ പട്ടിക ശേഖരിച്ച് അതിൽ സൂചിപ്പിച്ചിട്ടുള്ള കാലയളവിൽ സർവീസ് നടത്തുന്നില്ല എന്ന് ഉറപ്പ് വരുത്തുക തുടങ്ങിയവയാണ് എൻഫോഴ്സ്മെന്റ് വിഭാഗത്തിന് നൽകിയിട്ടുള്ള ചുമതലകൾ. എൻഫോഴ്സ്മെന്റ് വിംഗിലെ ഓരോ സ്ക്വാഡിനും പ്രവർത്തന പരിധി നിശ്ചയിച്ച നൽകിയിട്ടുണ്ട്. ഓരോ സ്ക്വാഡും വാർഷികമായി പിരിച്ചെടുക്കേണ്ട നികുതി ഇനത്തിലും കോമ്പൗണ്ടിംഗ് ഫീസിനത്തിലുമുള്ള തുക കുറഞ്ഞത് 2.5 കോടി രൂപയായി നിജപ്പെടുത്തിയിരിക്കുന്നു. സ്ക്വാഡിന്റെ പ്രവർത്തനത്തെ സംബന്ധിച്ച റിപ്പോർട്ട് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ |

| | | | |
|---|---|---|---|
| | | | ആഴ്ചതോറും മേഖലാ ആർ.ടി.ഓമാർക്ക് അയച്ചു കൊടുക്കുന്നു. ആർ.ടി.ഓമാർ അവ ക്രോഡീകരിച്ച് ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർക്കും അയച്ചു കൊടുക്കുന്നു. |
| (ബി) | ഈ വിഭാഗത്തിനുവേണ്ടി എന്ത് അടിസ്ഥാനസൗകര്യങ്ങളാണ് വേണ്ടിവരുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) | അനുവദിച്ചിട്ടുള്ള സ്ക്വാഡുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ ഓഫീസ് സൗകര്യം, വാഹനങ്ങൾ, വാഹന പരിശോധനയ്ക്കുള്ള ആധുനിക ഉപകരണങ്ങൾ മുതലായവ വേണ്ടിവരുന്നതാണ്. |
| (സി) | പ്രസ്തുത വിഭാഗത്തിന് ആധുനിക ഉപകരണങ്ങൾ നല്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (സി) | ഉണ്ട് |
| (ഡി) | എങ്കിൽ ആയത് സംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ; | (ഡി) | നടപ്പ് സാമ്പത്തിക വർഷം 6 കൈറഡാറുകളും 5 ഇന്റർസെപ്റ്റർ വാഹനങ്ങളും വാങ്ങിക്കുന്നതിന് വകുപ്പ് നടപടികൾ തുടങ്ങിയിട്ടുണ്ട്, ഇതു കൂടാതെ കൊല്ലം, തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്തുന്നതിനായി റഡാർ സർവൈലൻസ് സംവിധാനം സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നുണ്ട്. |
| (ഇ) | എൻഫോഴ്സ്മെന്റ് വിഭാഗത്തെ ഏതൊക്കെ ജില്ലകളിൽ വിന്യസിക്കാനാണ് ഉദ്ദേശിക്കുന്നത് ? | (ഇ) | തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, മലപ്പുറം, കോഴിക്കോട് , കണ്ണൂർ |

സെക്ഷൻ ഓഫീസർ